"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, അനക്കര, നയ്യൂർ എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ. പി. സുരേഷും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 28575/2021 ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പടുവിച്ച 13.12.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2168/2022/GEDN തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:-

1. പാലക്കാട്, അനക്കര, നയ്യൂർ എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ മാനേജരുടെ 29/11/2021 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P5).
2. പാലക്കാട്, അനക്കര, നയ്യൂർ എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സന്ധ്യ പി യുടെ 06/12/2021 തീയതിയിലെ പുന പരിശോധനാ ഹർജി(Ext.P6).
3. ബഹു. കേരള ഹൈക്കോടതിയുടെ 13.12.2021-ലെ W.P.(C) No. 28575/2021 ന്മേലുള്ള വിധിന്യായം.
4. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/02/2022, തീയതിയിലെ ഡി/33/22 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 14/02/2022, തീയതിയിലെ DDEPKD/94/2022-B2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, അനക്കര, നയ്യൂർ എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ. പി. സുരേഷും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂ. പി (സി) നം. 28575/2021 ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പടുവിച്ച പരാമർശം 3 വിധിന്യായത്തിൽ ഹർജിക്കാർ സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P5, P6 പുന പരിശോധനാ ഹർജികൾ ഹർജിക്കാരെയും സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 14.02.2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ഹർജിക്കാരുടെ വാദം ചുവടെചേർക്കുന്നു.

" ഒന്നാം ഹർജിക്കാരനായ ശ്രീ.പി.സുരേഷ് 05/06/2002 മുതൽ പാലക്കാട് ജില്ലയിലുള്ള നെയ്യൂർ എയ്ഡഡ് എൽ.പി.സ്കൂളിൽ എൽ.പി.എസ്.എ ആയി ജോലിയിൽ പ്രവേശിച്ച് അംഗീകാരത്തോട് കൂടി തുടരവെ സ്കൂളിലെ പ്രധാനാധ്യാപികയായ ശ്രീമതി. വി.എം.മിനി

സ്വമേധയാ വിരമിച്ചതിൻ പ്രകാരം ലഭ്യമായ ഒഴിവിൽ പ്രധാനധ്യാപകനായി 11/02/2021 മുതൽ നിയമിതനായി. പ്രസ്തുത നിയമനം വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 45(സി) പ്രകാരം ആകുന്നു. മേൽ നിയമനം തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പ്രകാരം നിരസിച്ചിരിക്കുന്നു. നിരസിക്കുവാനുണ്ടായ കാരണം ബഹു. കേരള ഹൈക്കോടതിയിൽ ഹെഡ്മാസ്റ്റർ നിയമനം സംബന്ധിച്ച് കേസ് നിലനിൽക്കുന്നതു കൊണ്ടും സർക്കുലർ നം. ജെ1/19/2021 പ്രകാരവും ആകുന്നു.

റിവിഷൻ ഹർജിക്കാരനായ സുരേഷ് സ്കൂളിലെ സീനിയർ മോസ്റ്റ് അധ്യാപകനാണ്. ടിയാൻ ടെസ്റ്റ് യോഗ്യത നേടിയിട്ടില്ല എന്നത് വസ്തുതയാണ്. സ്കൂളിൽ മറ്റാരും തന്നെ പ്രധാനധ്യാപക സ്ഥാന കയറ്റത്തിനുള്ള യോഗ്യത പരീക്ഷ നേടിയിട്ടില്ലാത്തതിനാൽ സീനിയർ മോസ്റ്റ് അധ്യാപകനായ ശ്രീ. സുരേഷിനെ 45 (സി) പ്രകാരം പ്രധാനധ്യാപകനായി നിയമിക്കുകയാണ് ഉണ്ടായത്. തൃത്താല ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനം നിരസിക്കുവാൻ ഉണ്ടായ കാരണങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ല.

1. 45(സി) പ്രകാരം മാനേജർക്ക് നിയമനം നടത്തണമെങ്കിൽ സ്കൂളിൽ ആരും പൂർണ്ണ യോഗ്യത നേടാത്ത സാഹചര്യത്തിലാണ് കേരള വിദ്യാഭ്യാസ നിയമം റൂൾ 44, റൂൾ 44(എ), 45, 45(എ), 45(ബി) പ്രകാരം യോഗ്യത നേടിയ അധ്യാപകർ ഇല്ലെങ്കിൽ 45(സി) പ്രകാരം മാനേജർക്ക് സീനിയർ മോസ്റ്റ് അധ്യാപകനെ പ്രൊമോഷൻ നൽകി താൽക്കാലിക ഹെഡ്മാസറ്ററായി നിയമനം നടത്താവുന്നതാണ്.

2. അങ്ങിനെ നിയമിക്കപ്പെടുന്ന പ്രധാനധ്യാപകൻ മറ്റൊരാൾ യോഗ്യത നേടുന്ന മുറയ്ക്ക് പുനക്രമീകരണം നടത്തി തരം താഴ്ത്തപെടേണ്ടതാണ്. 45(സി) പ്രകാരം നിയമിക്കപ്പെടുന്ന പ്രധാനധ്യാപകന് റൂൾ 43(എ) പ്രകാരം എല്ലാ സാമ്പത്തികാനുകൂല്യങ്ങൾക്കും അവകാശമുള്ളതാകുന്നു.

3. 45(സി) സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ യാതൊരു തർക്കവും നിലനിൽക്കുന്നതല്ല.

4. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കേസുകൾ എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർ പ്രൊമോഷൻ സംബന്ധിച്ച് ബാധകമാകുന്നതല്ല. ആയതിനാൽ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഇതു സംബന്ധിച്ച പ്രസ്താവ്യം നിയമപരമായി നിലനിൽക്കുന്നതല്ല.

നിയമന ഉത്തരവിൽ ടെംപററി ഹെഡ്മാസ്റ്റർ എന്നതിനു പകരം ഹെഡ്മാസ്റ്റർ എന്ന് രേഖപ്പെടുത്തിയത് തിരുത്താവുന്നതേയുള്ളൂ. ആയത് നിർദ്ദേശാനുസരണം നിർവ്വഹിക്കുന്നതാണ്. 45(സി) നിയമനം യാതൊരു കോടതിയും നിരോധിച്ചിട്ടില്ല. ആകെയാൽ വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 45(സി) പ്രകാരം പി.സുരേഷിനെ താൽക്കാലിക പ്രധാനധ്യാപകനായി സ്ഥാന കയറ്റം നൽകിയ നടപടി അംഗീകരിക്കുവാൻ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

ശ്രീമതി. സന്ധ്യയ്ക്ക്, ശ്രീ.പി.സുരേഷിന് 11/08/2021 മുതൽ താൽക്കാലിക പ്രധാനധ്യാപകനായി നിയമനം ലഭ്യമാകുന്ന മുറയ്ക്ക് നിയമനാംഗീകാരം നൽകുവാൻ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു. നിയമന ഉത്തരവിൽ മാനേജർ ഒപ്പ് വെച്ച് പുനർ സമർപ്പിക്കുന്നതായിരിക്കും. രണ്ടാം റിവിഷൻ ഹർജിക്കാരിയായ ശ്രീമതി. പി.സന്ധ്യയക്ക് 40വയസ്സ് പൂർത്തിയായതിനാൽ പ്രായപരിധിയിൽ ഇളവ് അനുവദിച്ച് സർക്കാർ ഉത്തരവില്ലാതെ നിയമനം പരിഗണിക്കാനാവില്ല എന്ന തടസ്സവാദം നിലനിൽക്കുന്നതല്ല. ഇക്കാര്യത്തിൽ ബഹു. കേരള ഹൈക്കോടതി തന്നെ

BALAKRISHNAN V/S STATE OF KERALA ൽ വിധി പ്രസ്താവിച്ചിട്ടുള്ളതാകുന്നു. (2015(3) KLT-362 (Right Under Rule 51A cannot be denied on the question of age limit. 03/05/1965 ലെ ജി.ഒ (ആർ.ടി)നം. 1265/65 എന്ന ഉത്തരവും ശ്രീമതി. സന്ധ്യയുടെ കാര്യത്തിൽ പരിഗണിക്കപ്പെടാവുന്നതാണ്. 01/06/2017 മുതൽ 07/01/2022 വരെ ശ്രീമതി. അമീന.സി.എം എന്ന അധ്യാപകയുടെ ലീവ് വാക്കൻസിയിൽ നിയമാനാംഗീകാരം ലഭ്യമായത് വഴി 51എ അവകാശിയാകുന്നു. 51(എ) അവകാശിയായ അധ്യാപികയ്ക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല.

മേൽ വാദമുഖങ്ങൾ പരിഗണിച്ച് ശ്രീ.പി.സുരേഷിന്റെ 45(സി) താൽക്കാലിക പ്രധാനധ്യാപക നിയമനവും, ശ്രീമതി. സന്ധ്യയുടെ 11/08/2021 മുതലുള്ള നിയമനവും അംഗീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

3. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു

" ശ്രീ.പി.സുരേഷ്, നയ്യൂർ എ.ജെ.ബി സ്കൂളിൽ എൽ.പി.എസ്.ടി ആയി റഗുലർ സർവീസിൽ പ്രവേശിച്ചത് 05/06/2002 ലാണ്. ടി സ്കൂളിലെ പ്രധാനാധ്യാപികയായിരുന്ന ശ്രീമതി. വി.എം.മിനി 30/04/2020 ന് സ്വയം വിരമിച്ചതിനെ തുടർന്ന് ഈ സ്കൂളിലെ സീനിയർ മോസ്റ്റ് അധ്യാപകനായ ശ്രീ.പി.സുരേഷിനെ 11/08/2021 മുതൽ താൽക്കാലിക പ്രധാനാധ്യാപകനായും, ശ്രീ.പി.സുരേഷിന് പ്രൊമോഷൻ നൽകിയ ഒഴിവിലേക്ക് ശ്രീമതി.പി.സന്ധ്യയെ 11/08/2021 മുതൽ എൽ.പി.എസ്.ടി ആയും നിയമിച്ചത് അംഗീകരിക്കുന്നതിന് മാനേജർ സമർപ്പിച്ച പ്രൊപ്പോസൽ ഈ ഓഫീസിൽ നിന്നും താഴെ പറയുന്ന കാരണങ്ങളാൽ നിരസിച്ചിരുന്നു.

<u>ശ്രീ.പി.സുരേഷ്</u>

കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 45 (സി) പ്രകാരം താൽക്കാലികമായാണ് ടിയാന് പ്രധാനാധ്യാപകനായി മാനേജർ സ്ഥാനക്കയറ്റം നൽകിയിരുന്നത്. എന്നാൽ 45(സി) പ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ പ്രധാനാധ്യാപകനായി സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ചും വേതന വ്യവസ്ഥകൾ സംബന്ധിച്ചും, 16/02/2021 ലെ സർക്കുലർ നം. ജെ1/19/2021/പൊ.വി.വ -ൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും, ടി സർക്കുലർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ നം.441/2019 ഹർജിയിലുള്ള 19/02/2021 ലെ ഇടക്കാല വിധിന്യായ പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ, ബഹു. കോടതികളിലുള്ള കേസുകളിൽ തീർപ്പാവാതെ ശ്രീ.പി.സുരേഷിന് പ്രധാനാധ്യാപകനായി സ്ഥാനക്കയറ്റം നൽകാൻ കഴിയില്ല.

<u>ശ്രീമതി.പി.സന്ധ്യ</u>

1.ശ്രീ.പി.സുരേഷിനെ 11/08/2021 മുതൽ താൽക്കാലിക പ്രധാനാധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത് നിരസിച്ചതിനാൽ ശ്രീമതി.പി.സന്ധ്യയെ ഉൾക്കൊള്ളിക്കുന്നതിനുള്ള വ്യവസ്ഥാപിതമായ ഒഴിവ് എൽ.പി.എസ്.ടി തസ്തികയിൽ നിലനിൽക്കുന്നില്ല.

2.ശ്രീമതി. പി.സന്ധ്യയുടെ ജനനത്തീയതി 31/03/1980 ആയതിനാൽ 2021 ജനുവരി 01-ന് ടിയാരിയ്ക്ക് (ജനറൽ വിഭാഗം) 40 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളതിനാൽ, പ്രായപരിധിയിൽ

ഇളവനുവദിച്ച സർക്കാർ ഉത്തരവില്ലാതെ നിയമനം പരിഗണിയ്ക്കാനാവില്ല റഗുലർ തസ്തികയിലുള്ള നിയമനത്തിന് എന്തെങ്കിലും ഇളവിന് അർഹതയുണ്ടെങ്കിൽ ആയതിനുള്ള രേഖകൾ സ്കൂൾ മാനേജർ സമർപ്പിച്ചിട്ടില്ല.

19/02/2021 ലെ ഇടക്കാല വിധിന്യായം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒഴിവാക്കിയിട്ടുണ്ടെന്നും കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 45(ബി) അനുസരിച്ച് 50 കഴിഞ്ഞവർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെന്നും അധ്യായം 14എ ചട്ടം 45(സി) അനുസരിച്ചുള്ള അംഗീകാരത്തിന് ശ്രീ.പി.സുരേഷിന് അർഹതയുണ്ടെന്നും, സ്കൂളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യതയുള്ളവരാരും ഇല്ലെന്നും വിദ്യാലയത്തിൽ 19 വർഷം പൂർത്തിയാക്കിയ ഏറ്റവും സീനിയറായ 43 അവകാശിയാണെന്നും 45(സി) അനുസരിച്ച് പ്രധാനാധ്യാപക സ്ഥാനക്കയറ്റത്തിന് അർഹതയുള്ള ആരും തന്നെയില്ലെന്നും സൂചിപ്പിച്ചാണ് സ്കൂൾ മാനേജർ സർക്കാരിന് റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19/02/2021 ലെ ഒ.എ നം.441/2021 നം. ഉത്തരവ് പ്രകാരം 50 വയസ്സ് തികഞ്ഞ അധ്യാപകർക്ക് പ്രധാനധ്യാപകൻ ആകുന്നതിനു അനുവദിച്ചിട്ടുള്ള ഇളവ് സ്റ്റേ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത സ്റ്റേ ഉത്തരവ് എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപക നിയമങ്ങൾക്ക് ബാധകമല്ല എന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവുകളൊന്നും ഇത് വരെ ലഭ്യമായിട്ടില്ല എന്ന് കാണുന്നു.

2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ 2011-ൽ രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ സർക്കാർ എയ്ഡഡ് പ്രൈമറി മേഖലകളിലേക്ക് ഒരു പോലെ ബാധകമാണ്. അതിലെ ചട്ടം 18(1) പ്രധാനാധ്യാപക നിയമനത്തിന് വേണ്ടതായ യോഗ്യത വിവരിക്കുന്നു. ഈ ചട്ടങ്ങൾ നിലവിൽ വരുന്ന വേളയിൽ 50 വയസ്സ് പൂർത്തിയാക്കിയ അധ്യാപകർക്ക് ടെസ്റ്റ് യോഗ്യത ഇല്ലെങ്കിൽ കൂടി പ്രധാനാധ്യാപക നിയമനത്തിൽ സ്ഥിരമായി ഇളവ് അനുവദിക്കപ്പെട്ടിരുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ ചട്ടം രൂപീകരിച്ചപ്പോൾ ഈ ഇളവ് സംബന്ധമായ വ്യവസ്ഥ അവയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് സ.ഉ (പി) 1/2021/പൊ.വി.വ തീയതി 05/01/2021 ലെ ഉത്തരവ് പ്രകാരം ചട്ടം 18(1) നു ഉചിതമായ ഭേദഗതി വരുത്തി 50 കഴിഞ്ഞവർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്തു ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റാറ്റസ് കോ നിലനിർത്താൻ ഉത്തരവിട്ടിരിക്കുകയാണ്. ഇതോട് കൂടി 50 വയസ്സ് പൂർത്തിയാക്കിയ അധ്യാപകർക്ക് ടെസ്റ്റ് ഇളവ് അനുവദിക്കുന്നതിന് നിർവാഹമില്ലാത്ത സാഹചര്യമാണുള്ളത്.

നിലവിൽ 50 വയസ്സ് കഴിഞ്ഞതും ടെസ്റ്റ് യോഗ്യത നേടാത്തതുമായ അധ്യാപകരുടെ സ്ഥാനക്കയറ്റം ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലായതിനാൽ ശ്രീ.പി.സുരേഷിന്റെ ആവശ്യം പരിഗണിക്കാനാവില്ല. സമാനമായ കേസുകളെല്ലാം സർക്കാരും (ജി.ഒ (ആർ.ടി) 3240/2021/പൊ.വി.വ തീയതി 03/07/2021) പൊതുവിദ്യാഭ്യാസ ഡയറക്ടറും (ജി4/3391/2021/ഡി.ജി.ഇ തീയതി 01/07/2021) നിരസിച്ചാണ് ഉത്തരവായിട്ടുള്ളത്.

ശ്രീ.പി.സുരേഷിന് പ്രധാനാധ്യാപക നിയമനത്തിന് ആവശ്യമായ 12 വർഷത്തെ സർവീസ്

പൂർത്തിയാക്കിയിട്ടുണ്ട്, 50 വയസ്സ് കഴിഞ്ഞിട്ടുണ്ട് എന്നീ യോഗ്യതകൾ ഉണ്ടെങ്കിലും ടെസ്റ്റ് പാസായിട്ടില്ലാത്തതിനാൽ, ശ്രീ.പി.സുരേഷിന്റെ നിയമനം നിരസിക്കാനുണ്ടായ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി അറിയിക്കുന്നു. കൂടാതെ അംഗീകരിച്ച അധ്യാപക സീനിയോരിറ്റി പട്ടിക സ്കൂളിൽ ഇല്ല എന്ന വിവരം കൂടി അറിയിക്കുന്നു. ശ്രീ.പി.സുരേഷിന്റെ പ്രൊമോഷൻ അംഗീകരിച്ചാൽ മാത്രമേ ശ്രീമതി.പി.സന്ധ്യയുടെ നിയമന അപേക്ഷ പരിഗണിക്കാൻ കഴിയുകയുള്ളൂ. ശ്രീമതി.പി.സന്ധ്യയുടെ ദീർഘകാല അവധി ഒഴിവിലുള്ള നിയമനം 01/06/2017 മുതൽ 07/01/2022 വരെ ശമ്പള സ്കെയിലിൽ അംഗീകരിച്ചിട്ടുള്ള പ്രകാരം ടിയാരി 51എ അവകാശിയാണ് എന്ന് കൂടി അറിയിക്കുന്നു."

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 45സി എന്നത് ഒരു വിദ്യാലയത്തിലോ മാനേജ്മെൻറ്റിലോ പൂർണ്ണയോഗ്യത നേടിയവർ ആരും തന്നെ ഇല്ലാത്ത സാഹചര്യത്തിൽ സീനിയർമോസ്റ്റ് അദ്ധ്യാപകനെ താൽക്കാലിക ഹെഡ്മാസ്റ്ററായി പ്രൊമോട്ടു ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ അടങ്ങുന്നതാണ്. ഈ ചട്ടം യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടുകയോ സ്റ്റേ ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ നെയ്യൂർ എയ്ഡഡ് എൽ.പി.സ്കൂളിൽ/ മാനേജ്മെൻറ്റിൽ പൂർണ്ണയോഗ്യത നേടിയവർ ആരും തന്നെ ഇല്ലാത്ത സാഹചര്യമാണുള്ളതെന്നും ശ്രീ.പി.സുരേഷ് സീനിയർമോസ്റ്റ് അദ്ധ്യാപകനാണെന്നും ഉറപ്പുവരുത്തിയ ശേഷം ടിയാനെ താൽക്കാലിക ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റം നൽകിയത് അംഗീകരിക്കുന്നതിനും തന്മൂലം ഉണ്ടാകുന്ന ഒഴിവിൽ ശ്രീമതി. പി.സന്ധ്യയുടെ നിയമനാംഗീകാരം 51എ അവകാശിയുടെ പുനർനിയമനത്തിൻ ഉയർന്ന പ്രായപരിധി ബാധകമാക്കേണ്ടതില്ലെന്ന കാര്യം കണക്കിലെടുത്ത് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുന്നതിനും തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട്, അനക്കര, നയ്യൂർ എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ മാനേജരും ടി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സന്ധ്യ. പിയും സർക്കാരിൽ സമർപ്പിച്ച പരാമർശം 1, 2 പുന പരിശോധനാ ഹർജികൾ(Ext.P5,P6) തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 3 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല.
മാനേജർ, എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ,
നയ്യൂർ, അനക്കര, പാലക്കാട്.
ശ്രീ. പി സുരേഷ്, പ്രഥമാദ്ധ്യാപകൻ,
എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ, നയ്യൂർ, അനക്കര, പാലക്കാട്.
ശ്രീമതി. സന്ധ്യ. പി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,

എയിഡഡ് ജൂനിയർ ബേസിക്ക് സ്കൂൾ, നയ്യൂർ, അനക്കര, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S
L
Date: 01-04-2022 10:46:33
സെക്ഷൻ ഓഫീസർ